പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2986** 10.03.2017-ൽ മറുപടിക്ക്

## ഭാരതപ്പുഴയ്ക്ക് കുറുകെ ഞാവളിൻകടവ് പാലം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ഉണ്ണി | | ശ്രീ. ജി.സുധാകരൻ<br>(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ മന്ത്രി) | |
| (എ) | തരൂർ അസംബ്ലി മണ്ഡലത്തിലെ പെരിങ്ങോട്ടുകുർശ്ശി ഗ്രാമപഞ്ചായത്തിനെയും ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്തിനെയും ബന്ധിപ്പിച്ച് ഭാരതപ്പുഴയ്ക്ക് കുറുകെ ഞാവളിൻകടവ് ഭാഗത്ത് പാലം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്; എന്നാണ് നൽകിയതെന്നും വ്യക്തമാക്കുമോ; | (എ) | തരൂർ അസംബ്ലി മണ്ഡലത്തിലെ പെരിങ്ങോട്ടുകുർശ്ശി ഗ്രാമപഞ്ചായത്തിനെയും ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്തിനെയും ബന്ധിപ്പിച്ച് ഭാരതപ്പുഴയ്ക്ക് കുറുകെ ഞാവളിൻകടവ് ഭാഗത്ത് പാലം നിർമ്മിക്കുന്നതിന് 13.09.2010-ലെ സ.ഉ (സാധാ) നം. 1454/2010/പൊ.മ.വ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. 18.02.2011 -ലെ സ.ഉ (സാധാ) നം. 273/2011/പൊ.മ.വ പ്രകാരം 25 ലക്ഷം രൂപ പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ വർക്കിനായി അനുവദിച്ചിരുന്നു. അതിനു പുറമേ ടി പ്രവൃത്തിക്ക് G.O (Rt) No. 1433/2012/PWD dated 13.08.2012 പ്രകാരം 5 ലക്ഷം രൂപ അധികമായി ടോപോഗ്രാഫിക്കൽ സർവ്വേയ്ക്കും, സോയിൽ ഇൻവെസ്റ്റിഗേഷൻ വർക്കിനുമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പാലത്തിന്റെ ഭാഗമായ റെയിൽവേ മേൽപ്പാലത്തിന്റെ GAD തയ്യാറാക്കുന്നതിന് റെയിൽവേയ്ക്ക് നല്കാനുള്ള സെന്റേജ് ചാർജ്ജായ 8.64 ലക്ഷം രൂപ 05.03.2017-ലെ G.O (Rt) No. 269/2017/PWD പ്രകാരം അനുവദിച്ചിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത പാലം നിർമ്മാണത്തിന്റെ കാലികസ്ഥിതി വിശദമാക്കുമോ; | (ബി) | പ്രസ്തുത പാലം നിർമ്മാണത്തിന് വേണ്ടിയുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. |
| (സി) | പ്രസ്തുത നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത പദ്ധതിയ്ക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയാലെ സാങ്കേതികാനുമതി നൽകി തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ